# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം



# ഒരു പ്രിയപുത്രൻ അടിമയാകുന്നു

എഴുതിയത് : Edward Hughes
ഉദാഹരണം : Byron Unger; Lazarus
അംഗികരിച്ചത് : M. Kerr; Sarah S.
തർജ്ജിമ ചെയ്യുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2015 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

യിസ്ഹാക്ക് വളരെ സന്തോഷവാനായി. തന്റെ മകൻ യാക്കോബ് വീട്ടിൽ തിരികെ വന്നു. ഏശാവ് ഒരിക്കൽ അവനെ കൊല്ലുമെന്ന് പ്രതിജ്ഞയെടുത്തിരുന്നെങ്കിലും ഇപ്പോൾ അവനെ സ്വീകരിച്ചു. എന്നാൽ യാക്കോബിന്റെ പുത്രൻമാർ അസന്തുഷ്ടരായിരുന്നു. കാരണം അവരുടെ ഇളയ സഹോദരൻ യോസേഫിനെ അപ്പൻ ഏറ്റവും പ്രിയപ്പെട്ടിരുന്നു.





യോസേഫ് തന്റെ സ്വപ്നത്തെക്കുറിച്ച് പറഞ്ഞപ്പോൾ അവന്റെ സഹോദരന്മാർ വളരെയധികം കോപിഷ്ടരായിത്തീർന്നു. “എന്റെ കറ്റ എഴുന്നേറ്റുനിന്നു. അപ്പോൾ എന്റെ സഹോദരന്മാരുടെ കറ്റകൾ എന്റെ കറ്റയെ നമസ്കരിച്ചു”.



യോസേഫ്പറഞ്ഞു. യോസേഫ് തന്റെ സഹോദരന്മാരെക്കാൾ പ്രാധാന്യമുള്ളവരായിത്തീരും എന്നാണ് ഈ സ്വപ്നത്തിന്റെ അർത്ഥം.



യോസേഫിന്റെ രണ്ടാമത്തെ സ്വപ്നത്തിൽ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അവന്റെ മുമ്പിൽ വീണ് നമസ്ക്കരിക്കുന്നതായിട്ടാണ് കണ്ടത്. ഈ സ്വപ്നത്തിൽ യോസേഫ് തന്റെ സഹോദരന്മാരെക്കാളും മാതാപിതാക്കന്മാരെക്കാളും വലിയവനായി കണ്ടതിനാൽ യാക്കോബിനുപോലും ദ്വേഷ്യം വന്നു.



ഒരുദിവസം, തന്റെ സഹോദരന്മാർ ആടുകളെ മേയിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്തേക്ക് യോസേഫിനെ യാക്കോബ് പറഞ്ഞയച്ചു. അവൻ വരുന്നത് സഹോദരന്മാർ ദൂരത്തുനിന്നേ കണ്ടു. “ആ സ്വപ്നക്കാരനെ കൊന്നുകളയാം.” അവർ ആക്രോശിച്ചു. തന്റെ മുമ്പിൽ പതിയിരിക്കുന്ന അപകടം യോസേഫ് അറിഞ്ഞിരുന്നില്ല.



അവരുടെ മൂത്ത സഹോദരൻ രൂബേൻ വിസമ്മതം പ്രകടിപ്പിച്ചു. “അവനെ കൊല്ലരുത്, നോക്കൂ അവിടെ ഒരു കുഴിയുണ്ട്. അവിടെക്കിടന്ന് അവൻ ചാകട്ടെ,” രാത്രിയാകുമ്പോൾ അവനെ രക്ഷിക്കാനുള്ള ആഗ്രഹത്തോടെയാണ് രൂബേൻ അങ്ങനെ പറഞ്ഞത്.



യോസേഫ്
വന്നപ്പോൾ,
അവന്റെ സഹോദരന്മാർ
അവനെ പിടികൂടിയിട്ട്
യാക്കോബ്
അവനുവേണ്ടി
പ്രത്യേകം ഉണ്ടാക്കിയ
മനോഹരമായ നിറമുള്ള
ഉടുപ്പ് ഊരിയെടുത്തു.
പിന്നെ അവർ
അവനെ ആ
ഴമുള്ളപൊട്ടക്കിണറ്റിൽ
ഇട്ടുകളഞ്ഞു.



രൂബേൻ അവരോടൊപ്പം ഇല്ലാതിരുന്ന ഒരു സമയത്ത് മിസ്രയീമിലേക്ക് പോകുന്ന കുറച്ചു കച്ചവടക്കാർ ഒട്ടകപ്പുറത്ത് അതുവഴി വന്നു. “നമുക്ക് യോസേഫിനെ വിൽക്കാം” എന്ന് അവന്റെ സഹോദരൻ യെഹൂദ പറഞ്ഞു. അങ്ങനെ അവർ





കച്ചവടക്കാരുമായി സന്ധിയുണ്ടാക്കി. അവർ യോസേഫിനെ ഇരുപതു വെള്ളിനാണയങ്ങൾക്ക് വിറ്റു.

തന്റെ മാതൃരാജ്യവും പിതൃഭവനവും വിട്ട് ഒട്ടകത്തിന്റെ അകമ്പടിയുമായി മുമ്പോട്ടുപോകുന്ന യോസേഫ് കരഞ്ഞും ഭയചകിതനായും നിസഹായനായും കാണപ്പെട്ടു.





“ഇത് യോസേഫിന്റെ ഉടുപ്പാണോ?
ഞങ്ങൾക്കിത് മരുഭൂമിയിൽനിന്നും കിട്ടിയതാണ്.”
നിഷ്ഠൂരന്മാരായ അവന്റെ സഹോദരന്മാർ
അവനെ ഒരു ദുഷ്ടമൃഗം തിന്നുകളഞ്ഞുവെന്ന്
യാക്കോബിനെ വിശ്വസിപ്പിച്ചു.
യാക്കോബ് തന്റെ
പ്രിയമകന്റെ വിയോഗത്തിൽ
വസ്ത്രം കീറിക്കളകയും
ദുഃഖത്തോടെ കരയുകയും
ചെയ്തു. അവനെ
ആശ്വസിപ്പിക്കുവാൻ
ആർക്കും കഴിഞ്ഞില്ല.



മിസ്രയീമിൽ യോസേഫ് പരിഭ്രമത്തോടെ ഏകാന്തൻ ആയിരുന്നിരിക്കണം. വീട്ടിൽ തിരിച്ചുപോകാൻവേണ്ടി അവൻ ആഗ്രഹിച്ചു. എന്നാൽ അവന് രക്ഷപെടാൻ ഒരു മാർഗ്ഗവും ഇല്ലായിരുന്നു. മിസ്രയീമിലെ ഒരു പ്രമുഖനായ പൊത്തിഫറിന്റെ വീട്ടിൽ ഒരു അടിമയായിരുന്നു അവൻ. യോസേഫ് എപ്പോഴും കഠിനാധ്വാനം ചെയ്യുന്നതായും വിശ്വാസയോഗ്യനാണെന്നും പൊത്തിഫറിനു ബോധ്യമായി.

ഒരിക്കൽ പൊത്തിഫർ അവനോടു പറഞ്ഞു, “നീ ചെയ്യുന്നതെല്ലാം നന്നായി വരുന്നല്ലോ, ദൈവം നിന്നോടുകൂടെ ഉണ്ട്. ഞാൻ നിന്നെ എന്റെ മുഖ്യ സേവകനായി നിയമിക്കാൻ ആഗ്രഹിക്കുന്നു. എന്റെ വ്യാപാരത്തിന്റെയും മറ്റ് തൊഴിലാളികളുടെയും എല്ലാം മേലാളി ഇനിമുതൽ നീ ആയിരിക്കും.”



യോസേഫു മൂലം ദൈവം പൊത്തിഫറിനു നല്ല കൊയ്ത്തും വിളവും ധനവും നൽകി. ഇപ്പോൾ മിസ്രയീമിലെ ഒരു പ്രധാനപ്പെട്ട മനുഷ്യനായിത്തീർന്ന യോസേഫ് ദൈവത്തിൽ ആശ്രയിക്കുകയും വിശ്വസ്തമായി ദൈവത്തെ സേവിക്കുകയും ചെയ്തു. എന്നാൽ യോസേഫിന്റെമേൽ കഷ്ടം വന്നു.



പൊത്തിഫറിന്റെ ഭാര്യ ഒരു ദുഷ്ടസ്ത്രീ ആയിരുന്നു. തന്റെ ഭർത്താവായിരിക്കുവാൻ അവൾ യോസേഫിനോട് ആവശ്യപ്പെട്ടു. യോസേഫ് എവിടെ കേൾക്കാൻ? പൊത്തിഫറിനോടു തെറ്റു ചെയ്തുകൊണ്ട് ദൈവത്തോടു പാപം ചെയ്യുന്നവനല്ല യോസേഫ്.



ആ സ്ത്രീ അവനെ നിർബന്ധിക്കാൻ ശ്രമിച്ചപ്പോൾ അവൻ ഓടി. എന്നാൽ അവൾ അവനെ പിന്തുടർന്നു പിടിക്കയും അവന്റെ ഉടുപ്പ് പിടിച്ചെടുക്കയും ചെയ്തു.



എന്നിട്ട് അവൾ പരാതിപ്പെട്ടു: “നിന്റെ അടിമ എന്നെ ആക്രമിച്ചു. നോക്ക്, ഇതാ അവന്റെ ഉടുപ്പ്.” പൊത്തിഫെർ കുപിതനായി. തന്റെ ഭാര്യ കള്ളംപറയുകയാണെന്ന് തനിക്കറിയാമായിരുന്നിരിക്കണം. പക്ഷേ അവൻ ചിലത് ചെയ്തേ മതിയാകൂ. അവൻ എന്താണ് ചെയ്തത്?



പൊത്തിഫെർ യോസേഫിനെ ജയിലിൽ അടച്ചു. താൻ നിരപരാധി ആയിരുന്നിട്ടും യോസേഫ് കയ്പുള്ളവനാകുകയോ ദേഷ്യം പ്രകടിപ്പിക്കുകയോ ചെയ്തില്ല.





ഇത്ര വലിയ കഷ്ടങ്ങളിലൂടെ
കടന്നുപോകേണ്ടിവന്നാലും,
ജയിലിൽ കഴിയേണ്ടിവന്നാലും
താൻ ദൈവത്തെ
മാനിക്കുകയാണെങ്കിൽ
ദൈവം തന്നെ മാനിക്കും
എന്ന് യോസേഫ്
അറിഞ്ഞിരുന്നിരിക്കണം.

ഒരു പ്രിയപുത്രൻ അടിമയാകുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ഉല്പത്തി 37, ഉല്പത്തി 39

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

7

60

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയുക. യോഹന്നാൻ 3:16